(ബി) ആ രോഗനിവാരണത്തിനു് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്. പൊതു കിണറുകൾ മുതലായ ജലാശയങ്ങളിൽ ക്ലോറിനേഷൻ നടത്തി ജലം ശുദ്ധിചെയ്യുക, രോഗികൾക്കുവേണ്ട മരുന്നുകൾ വിതരണംചെയ്യുക മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ആൽക്കഹോൾ കലർന്ന മരുന്നുകൾ.

*79. [27] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) മദ്യനിരോധന മേഖലകളിലെ മെഡിക്കൽ ഷാപ്പുകളിൽ ആൽക്കഹോൾ കലർന്ന മരുന്നുകൾ സ്വതന്ത്രമായി വിൽപ്പന നടത്തിവരുന്നതായി അറിയാമോ;

(ബി) മദ്യനിരോധന മേഖലകളിൽ ആൽക്കഹോൾ കലർന്ന മരുന്നുകൾ സ്വതന്ത്രമായി വില്പന നടത്തുന്നതിനെ നിരോധിക്കാൻ ഉടനടി നടപടി കൈക്കൊള്ളുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ വി. മാധവൻ) :

(എ) മദ്യനിരോധന നിയമമനുസരിച്ചു് നിരോധിക്കപ്പെടാത്ത 'ആൽക്കഹോൾ' കലർന്നിട്ടുള്ള മരുന്നുകൾമാത്രം മരുന്നുഷാപ്പുകളിൽ യഥേഷ്ടം വിൽക്കപ്പെടുന്നതായി അറിയാം.

(ബി) ഉദ്ദേശിക്കുന്നില്ല.

പട്ടികജാതി വിദ്യാർത്ഥികളുടെ മെസ്സ്അലവൻസ്.

*80. [28] ശ്രീ. കടന്നൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

ഈ സ്കൂൾവർഷാരംഭത്തിനുശേഷം പട്ടികജാതി വിദ്യാർത്ഥികളിൽനിന്നും മെസ്സ്അലവൻസ് ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിദ്യാർത്ഥികളുടെ ആവശ്യങ്ങളിൽ ഇതിനകം എന്തെല്ലാം സാധിച്ചുകൊടുത്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകടൻ) :

ഉണ്ടു്, ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിൽ കൂടുതൽ വിദ്യാർത്ഥികൾക്കു് വിദ്യാഭ്യാസസൗജന്യങ്ങൾ അനുവദിച്ചു.

Tuberculosis treatment.

*76. [26] **Shri O. C. Ninan :** Will the Minister for Medicine and Public Health be pleased to state :

(*a*) Has the Government supplied medicines for treating tuberculosis in all hospitals;

LIBRARY ARCHIVES Kerala Legislative Assembly